## പൊതുശ്മശാനം സ്ഥാപിക്കാൻ നടപടി

12 [*.159] ഡോ. എ. നീലലോഹിതദാസൻ നാടാർ :

,, കെ. സി. ജോസഫ് :

ശ്രീ. കെ. പി. മോഹനൻ :

,, സി. കെ. നാണു : താഴെകാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായ ക്ഷേമവും സാംസ്ക്കാരിക കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ എത്ര പട്ടിക ജാതി-പട്ടികവർഗ്ഗ സങ്കേതങ്ങളിൽ പൊതു ശ്മശാനങ്ങൾ ഉണ്ടെന്ന് അറിയിക്കാമോ,

(ബി) പൊതു ശ്മശാനങ്ങളുടെ അഭാവംമൂലം പട്ടികജാതി സങ്കേതങ്ങളിലെ നിവാസികൾ അനുഭവിക്കുന്ന ബുദ്ധിമുട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഇതു പരിഹരിക്കുവാൻ എന്തു നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

പിന്നോക്ക-പട്ടിക സമുദായ ക്ഷേമവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ എ. പി. അനിൽകുമാർ) :

(എ) സംസ്ഥാനത്ത് പട്ടികജാതി കോളനികളിലും അവരുടെ സങ്കേതങ്ങളിലുമായി 554 ശ്മശാനങ്ങളും പട്ടികവർഗ്ഗക്കാർക്കായി 306 ശ്മശാനങ്ങളും നിലവിലുണ്ട്.

(ബി) ഉണ്ട്.

(സി) ശ്മശാനങ്ങൾ സ്ഥാപിക്കലും സംരക്ഷിക്കലും ത്രിതല പഞ്ചായത്തുകൾക്ക് കൈമാറ്റം ചെയ്ത പദ്ധതിയാണ്. ആയതിനാൽ പൊതുശ്മശാനത്തിന്റെ അഭാവം കാരണം പട്ടികജാതി പട്ടികവർഗ്ഗക്കാർ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് തദ്ദേശഭരണ വകുപ്പുമായി ആലോചിച്ച് നടപടി സ്വീകരിക്കുന്നതാണ്.

## പ്രോസിക്യൂഷൻ നടപടികൾ പിൻവലിക്കൽ

13 [*160] ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ :

,, കെ. കെ. ജയചന്ദ്രൻ :

,, കെ. രാധാകൃഷ്ണൻ :

,, സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ ;

(എ) വിവിധ കോടതികളിൽ അഴിമതി സംബന്ധിച്ച് നിലവിലിരിക്കുന്ന കേസ്സുകളിൽ പ്രോസിക്യൂഷൻ നടപടികൾ പിൻവലിക്കുന്നതിന് എന്തെങ്കിലും തീരുമാനം എടുത്തിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly